# Desabhimani

## 28 August 2018

## Kochi: After Flood, Cleaning





യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കരുമാല്ലൂരിലെ അങ്കണവാടി ശുചീകരിക്കുന്നു

# യുവജനക്ഷേമ ബോർഡിന്റെ കീഴിൽ 330 അംഗസംഘവും ശുചീകരണത്തിന്

കൊച്ചി

പ്രളയക്കെടുതിയെത്തുടർന്ന് ദുരിതത്തിലായ ആലങ്ങാട്, കരുമാല്ലൂർ പഞ്ചായത്തുകളിൽ യുവജനക്ഷേമ ബോർഡ് ശുചീകരണം ആരംഭിച്ചു. കാസർകോഡ് മുതൽ എറണാകുളംവരെയുള്ള എട്ടു ജില്ലകളിലെ പൊതുപ്രവർത്തകർ, യൂത്ത് കോ-ഓർഡിനേറ്റർമാർ സന്നദ്ധപ്രവർത്തകർ, യൂത്ത് ക്ലബ് പ്രവർത്തകർ തുടങ്ങിയവർ ഈ ഉദ്യമത്തിൽ പങ്കാളികളായി. ഇലക്ട്രിക്കൽ, പ്ലംബിങ് ജോലികൾ ചെയ്യുന്ന സാങ്കേതികവിദഗ്ധരും സംഘത്തിലുണ്ടായിരുന്നു.

330 പേരടങ്ങുന്ന സംഘം ചെറുസംഘങ്ങളായി തിരിഞ്ഞ് ശുചീകരണപ്രവർത്തനങ്ങൾ നടത്തി. വായനശാലകൾ, അങ്കണവാടികൾ ആലങ്ങാട് വനിതാ വികസനകേന്ദ്രം, അമ്പതിലധികം വീടുകൾ, കച്ചവടസ്ഥാപനങ്ങൾ തുടങ്ങിയവ സംഘം വൃത്തിയാക്കി.

ശുചീകരണപ്രവർത്തനങ്ങൾക്ക് യുവജനക്ഷേമ ബോർഡ് അംഗങ്ങളായ എസ് സതീഷ്, അഫ്സൽ കുഞ്ഞുമോൻ, മെമ്പർ സെക്രട്ടറി ആർ എസ് കണ്ണൻ, സീനിയർ സൂപ്രണ്ട് ലിബി, ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ കെ ടി അഖിൽദാസ്, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ സബിത സി ടി, പഞ്ചായത്ത് അംഗം എൽ ആദർശ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ രവി മോഹൻ,

ആലങ്ങാട് പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർ ഹേമന്ദ് കെ ആർ എന്നിവർ നേതൃത്വം നൽകി. ഈ പ്രദേശങ്ങളിൽ ചൊവ്വ, ബുധൻ ദിവസങ്ങളിലും ശുചീകരണപ്രവർത്തനം നടക്കും.